## പതിനാലാം കേരളനിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4482 — 13.11.2019 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശം തടയുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ബാബു : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷി നാശം തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) | വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി നെന്മാറ നിയോജക മണ്ഡലം പരിധിയിൽ 27.3 കി.മീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വാച്ചർമാരെ നിയോഗിച്ചും വനസംരക്ഷണ സമിതി പ്രവർത്തകർ, ജനജാഗ്രതാ സമിതി പ്രവർത്തകർ എന്നിവരുടെ സഹായത്താലും വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിന് ഉപയോഗപ്പെടുത്താറുണ്ട്.. |
| (ബി) | ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും, എത്ര പദ്ധതികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കുമോ? | (ബി) | സോളാർ ഫെൻസിംഗ് നിർമ്മാണത്തിനും പരിപാലനത്തിനുമായി 44.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സോളാർ ഫെൻസിംഗ് പരിപാലനത്തിനും നാട്ടിലിറങ്ങുന്ന വന്യജീവികളെ തുരത്തുന്നതിനുമായി വാച്ചർമാരെ നിയോഗിക്കുന്നതിനായി 28.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനുള്ള മറ്റ് ചെലവുകൾ — ക്കായി 1.25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പുതിയ സോളാർ ഫെൻസിംഗ് ആണ് പൂർത്തീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ